# ജി എച്ച് എസ് എസ് കമ്പല്ലൂർ

# 2023-24

# പട്ടം





## കമ്പല്ലൂരിന്റെ IT കൂട്ടായ്മ

# പത്രാധിപ സമിതി

ചീഫ് എഡിറ്റർ--സയന സുരേഷ്

എഡിറ്റർ--ആരോമൽ സന്തോഷ്,ആൽബിൻ ബിജു

ലേ ഔട്ട്---അഭിനവ് ആസാദ് അനിൽ

വര---അമിഷ ടി പി

കവർ പേജ്--അദ്വൈത്,എഡ്വിൻ,ശ്രേയ

## അംഗങ്ങൾ

എൽന ബാബു, റിനിഷ, റൈറ്റസ്

ടെസിൻ,ആയിഷ, ഹിബ മറിയം,

ആൻസൺ,വിസ്മയ,കൃഷ്ണപ്രിയ

# സന്ദേശം



വിദ്യാഭ്യാസത്തിന്റെ മികവിൽ ജില്ലയിൽ മുന്നിൽ നിൽക്കുന്നനിൽക്കുന്ന ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂൾ കമ്പല്ലൂർ വിവരസാങ്കേതികവിദ്യയിലും മുന്നേറിക്കൊണ്ടിരിക്കുകയാണ് Little Kitesയൂണിറ്റിന്റെ നേതൃത്വത്തിൽ സ്കൂളിൽ വിവിധങ്ങളായ പ്രവർത്തനങ്ങൾ നടന്നു വരുന്നു.. അതിന്റെ ഭാഗമായി വിദ്യാർത്ഥികൾ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിന് എന്റെ എല്ലാവിധ ആശംസകളും നേരുന്നു.. അതോടൊപ്പം കൂടുതൽ അർപ്പണം ബോധത്തോടെ പ്രവർത്തനങ്ങൾ മുന്നോട്ടു കോണ്ടുപോകുവാൻ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് കഴിയട്ടെ എന്ന് ആശംസിക്കുകയും ചെയ്യുന്നു

സ്നേഹപൂർവ്വം
ഹെഡ്മിസ്ട്രസ്
ബെറ്റി ജോർജ്ജ്

# സന്ദേശം



ലിറ്റിൽ കൈറ്റ്സ് കൂട്ടുകാർ സർഗാത്മകതയും സാങ്കേതികവിദ്യയും സമന്വയിപ്പിച്ച് രൂപപ്പെടുത്തിയ **"പട്ടം"** വാനോളം ഉയരട്ടെ...

ആശംസകളോടെ.........

ലതാഭായി കെ ആർ
സീനിയർ അസിസ്റ്റൻ്റ്

2

V

# ആശംസ.



**ബിജു അഗസ്റ്റിൻ**
SITC ,G H S S Kamballur

കമ്പല്ലൂർ ഗവൺമെൻറ് ഹയർ സെക്കൻഡറി സ്ക്കൂളി വിദ്യാർത്ഥികൾ തയ്യാറാക്കുന്ന പട്ടം 2024 എന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു

# ഏടുകൾ മറിക്കുമ്പോൾ


6

| | | |
|---|---|---|
| നൂലറ്റ പട്ടം | ഗായത്രി .കെ | 10 |
| അണയാത്ത വിളക്ക് | തന്മയ കെ വി | 12 |
| കാമ്പല്ലൂർ സ്ക്കൂൾ വളർച്ചയുടെ പടവുകൾ | | 14 |
| ആശാന്റെ സാഹിത്യസംഭാവനകളുടെ സവിശേഷതകൾ | ആര്യലക്ഷ്മി പി. ആർ | 16 |
| ഒറ്റയക്ക് പെയ്യുന്ന മഴ | | 18 |
| ആടു ജീവിതം ആസ്വാദനം | ശയന .പി | 19 |
| എന്റെ നീയുണ്ണി | അഞ്ജിൻ പി എം | 20 |
| L K Report | | 21 |
| The are teacher aren't They | Archana K.V | 34 |
| സജീവമായ ഇന്നലെകൾ | | 35 |

| | | |
|---|---|---|
| ഗുരു | ദേവരാഗ് | 37 |
| അവൾ | ആര്യലക്ഷ്മി പി ആർ | 38 |
| എനിക്ക് ഇഷ്ടപ്പെട്ട പക്ഷികൾ | | 39 |

# നൂലറ്റ പട്ടം



ഗായത്രി കെ

മാനസികാരോഗ്യ കേന്ദ്രത്തിന്റെ പടിയിറങ്ങി അരുന്ധതി നടന്നു നീങ്ങിയത് രവിയേട്ടനോപ്പം സമയം ചിലവഴിക്കാനറുള്ള ആ കടൽത്തീരത്തേക്ക് ആയിരുന്നു. അസ്തമന സൂര്യൻ കടലിലേക്ക് താഴുന്നതും നോക്കി അവൾ അവിടെയിരുന്നു. തണുത്ത കാറ്റിന്റെ കരങ്ങൾ അലക്ഷ്യമായി അവളുടെ വാർമുടിയിൽ തഴുകി .നൂലറ്റ് പോയ ഒരു പട്ടം ലക്ഷ്യമില്ലാതെ നീങ്ങുന്നത് അവൾ കണ്ടു.

കനി മോളുടെ കയ്യിലെ പട്ടത്തിന്റെ ചരട് കാറ്റിന്റെ വേഗതക്കനുസരിച്ച് നിയന്ത്രിക്കാൻ അവൾക്ക് കഴിഞ്ഞില്ല. ചരട് പൊട്ടി പട്ടം നിയന്ത്രണം വിട്ടു പറന്നു.ചിണുങ്ങിക്കൊണ്ട് കനിമോൾ അരുന്ധതിയുടെ അടുത്തേക്ക് ഓടി വന്നു."അമ്മേ എന്റെ പട്ടം പോയി" .” സാരമില്ല മോളെ നമുക്ക് പുതിയൊരെണ്ണം വാങ്ങാം" ....അച്ഛനോട് വരുമ്പോൾ പുതിയ ഒരെണ്ണം വാങ്ങാൻ പറയാം അല്ലേ.. അമ്മേ ..."ഉണ്ണിക്കുട്ടന്റെ വാക്കുകൾ കേട്ടപ്പോൾ അവളുടെ മുഖം വാടി. കണ്ണുനീർത്തുള്ളികൾ അവളുടെ സ്വർണ്ണനിറമുള്ള കവിൾത്തടങ്ങളെ ഈറൻ അണിയിച്ച കടിഞ്ഞൂൽ വിശേഷം ഉണ്ടെന്നറിഞ്ഞ സന്തോഷ നിമിഷത്തിൽ ആയിരുന്നു രവിയേട്ടന്റെ ഫോൺ വന്നത്

അഞ്ചാം മാസത്തിന്റെ സ്കാനിങ് കഴിഞ്ഞ് വീട്ടിലെത്തിയ അരുന്ധതിയുടെ സന്തോഷത്തിന് ഇരട്ടിമധുരം ആയിരുന്നു. ഇരട്ടക്കുട്ടികൾ ആണത്രേ അവൾ കുളികഴിഞ്ഞ് മൂളിപ്പാട്ടും പാടി ടി .വി ഓൺ ചെയ്തു . "നമസ്കാരം പ്രധാന വാർത്തകൾ

ബാരമുള്ളയിൽ തീവ്രവാദി ആക്രമണം 100 സൈനികർ



മൃതിയടഞ്ഞു ഇത് കേട്ട അരുന്ധതിയുടെ ഉള്ളിൽ വെള്ളിടി വെട്ടി .ഈശ്വരാ രവിയേട്ടൻ.... അവൾ രവിയുടെ ഫോണിലേക്ക് ദ്രുതരാൻ വിളിച്ച .പക്ഷേ ഫലം ഉണ്ടായില്ല

മക്കളെ നേരം ഇരുട്ടി നമുക്ക് നാളെ സ്കൂളിൽ പോകേണ്ടതല്ലേ അവൾ കടൽ തീരത്തു നിന്നും തിരിഞ്ഞു നടന്നു പതിവുപോലെ അഞ്ചുമണിക്ക് എഴുന്നേറ്റ് കാപ്പിയൊക്കെ റെഡിയാക്കി കുട്ടികളുടെ വസ്ത്രമൊക്കെ തേച്ച വച്ചു. ടിഫിനും മേശപ്പുറത്ത് വച്ചിട്ട് അവൾ ധൃതിയിൽ കുളിമുറിയിലേക്ക് ഉള്ളിലേക്ക് ഓടി.

ബസ്റ്റോപ്പിൽ എത്തുമ്പോഴേക്കും ബസ് പോയി കഴിഞ്ഞിരുന്നു. അടുത്ത ബസ്സ് കയറി സ്കൂളിൽ എത്തുമ്പോഴേക്കും പ്രാർത്ഥന കേൾക്കാമായിരുന്നു ഓഫീസിലേക്ക് കയറുമ്പോൾ നെറ്റി ചുളിച്ച് നോക്കാറില്ല നോക്കാനുള്ള ധൈര്യം ഇല്ലാതെ ക്ലാസിലേക്ക് ഓടി ക്ലാസിന്റെ വരാന്തയിൽ തന്നെയും കാത്തുനിൽക്കുന്നേയും അച്ഛനെയും കണ്ടു ബാബു നേരത്തെ വന്നു ഞാൻ അല്പം താമസിച്ച ചെറിയ ചിരിയോടെ അരുന്ധതി ചോദിച്ച ടീച്ചറെ ഇതുപോലത്തെ തവണയാണ് തല്ലുന്നത് ഇതൊന്നും ശ്രദ്ധിക്കാൻ പറ്റില്ല എങ്കിലും വേറെ പണിക്ക് പോണം ഇങ്ങനെയാണെങ്കിൽ ഞാൻ ടി സി വാങ്ങ ഇത്രയും പറഞ്ഞു അയാൾ നടന്നു. രഘു ഭിന്നശേഷിക്കാരൻ ആണ് നല്ല സ്നേഹമുള്ള കുട്ടി പക്ഷേ ദേഷ്യം വന്നാലോ എല്ലാവരെയും ഉപദ്രവിക്കും എന്ത് ചെയ്യാം അരുന്ധതിക്ക്

സങ്കടമായി പക്ഷേ കുട്ടികളുടെ മുന്നിൽ എത്തിയാൽ എല്ലാ സങ്കടവും അവൾ മറക്കും കഥയും പാട്ടുമായി അവരോടൊപ്പം ലയിക്കും

നീണ്ട ബെല്ലടി കേട്ടപ്പോൾ വേനൽതുമ്പികളെ പോലെ കുട്ടികൾ മൈതാനത്തേക്ക് ഓ ടി നടന്നു പോകുന്നവരും വാഹനങ്ങളിൽ പോകുന്നവരും പോയി കഴിഞ്ഞിട്ട് എല്ലാവർക്കും ഒപ്പം അവളും ബസ്സ്റ്റോപ്പിൽ എത്താറുള്ളൂ. അതാ റഹീമിന്റെ ഉമ്മ. റഹീം പോയോ ടീച്ചറെ..? നേരത്തെ പോയല്ലോ അവൾ പറഞ്ഞു. "വീട്ടിലെത്തിയില്ലേ".... ഉമ്മ കരയാൻ തുടങ്ങി.
" വിഷമിക്കേണ്ട അവൻ വീട്ടിലെത്തിയിട്ടുണ്ടാവും". ഒന്ന് ഫോൺ ചെയ്തു നോക്കൂ.... ആ സമയത്ത് അരുന്ധതിയുടെ ഫോൺ ശബ്ദിച്ചു. ഹലോ അമ്മേ.... വരുമ്പോൾ ക്രയോൺസും നോട്ടുബുക്കും വാങ്ങണേ.... ഉണ്ണിക്കുട്ടൻ പറഞ്ഞു. ശരി മോനെ... ഞാൻ വാങ്ങാം .അമ്മ വരുമ്പോൾ ഇത്തിരി വൈകും. മോളെ നോക്കണേ......
ശരി.....ഉണ്ണിക്കുട്ടന് സന്തോഷമായി. ഫോൺ ഉമ്മയ്ക്ക് നേരെ നീട്ടിക്കൊണ്ട് അരുന്ധതി പറഞ്ഞു "ഈ ഫോണിൽ വിളിച്ചോളൂ ".ഭർത്താവിനെ വിളിച്ച് കാര്യം ധരിപ്പിച്ചു .ഓട്ടോ ഡ്രൈവർ ആയ രക്ഷിതാവ് ഞൊടിയിൽ സ്കൂളിൽ എത്തി .അരുന്ധതിയെന്ന ഒരു നോട്ടം നോക്കി .ഉരുകി ഇല്ലാതാകുന്നതുപോലെ തോന്നി അവൾക്ക് ."ശമ്പളം മാത്രം വാങ്ങിയാൽ പോരാ ...ആത്മാർത്ഥത കാണിക്കാൻ അറിയണം .എന്റെ കുട്ടി അനുസരണക്കേട് കാട്ടാറില്ല. കുട്ടി എവിടെ?" അയാൾ ആക്രോശിച്ചു..

അവൾ സൗമ്യമായി ആ രക്ഷിതാക്കളോട് വീട്ടിൽ അന്വേഷിക്കാൻ നിരന്തരം പറഞ്ഞു കൊണ്ടിരുന്നു. പക്ഷേ ആ വാക്കുകൾ അവർ ചെവിക്കൊണ്ട് ഇല്ല വീട്ടിലേക്ക് തിരിച്ചു പോകുമ്പോൾ അരുന്ധതിയെ നോക്കി ഉപ്പ പറഞ്ഞു എന്റെ കുട്ടിക്ക് വല്ലതും സംഭവിച്ചാൽ ടീച്ചർ നാളെ നിങ്ങളെ സ്കൂളിൽ കാണില്ല സമയത്തേക്ക് അവർക്ക് തളർച്ച അനുഭവപ്പെട്ടു. ക്ലാസിന്റെ വരാന്തയിൽ ഇരുന്ന് പൊട്ടിക്കരഞ്ഞു പക്ഷേ രക്ഷിതാവേ വിളിച്ചുകൊണ്ടേയിരുന്നു. സമാധാനം വരാതെ കുട്ടിയെ തിരക്കി അവൾ അവരുടെ വീട്ടിലെത്തി .അപ്പോഴതാ മുറ്റത്ത് മുട്ടിക്കളിക്കുന്ന രക്ഷിതാക്കളുടെ മുഖം വിളറി വെളുത്തു. അരുന്ധതി ഒന്നും മിണ്ടാതെ തിരിഞ്ഞു നടന്നു ലക്ഷ്യമാക്കി നടന്നു .

മക്കൾക്ക് പലഹാരവും വാങ്ങി അടുത്ത ബസ്സിൽ കയറി .അവൾക്ക് ഇറങ്ങേണ്ട സ്റ്റോപ്പിൽ ഇറങ്ങി .നടക്കുമ്പോൾ ഇരുട്ടി തുടങ്ങിയിരുന്നു .അവിടെ ഒരാൾക്കൂട്ടം കണ്ടു എന്താ ..?അവിടെ അവൾ ഒരാളോട് ചോദിച്ചു ."ഒരു കാർ രണ്ട് കുട്ടികളെ ഇടിച്ചിട്ട് പോയി. കുട്ടികൾ മരിച്ചെന്നാ കേട്ടത് പിള്ളേരുടെ ഒക്കെ ഒരു കാര്യം എന്താ പറയാനാ? അതെങ്ങനെ വീട്ടിലുള്ളവർക്ക് അവരെ നോക്കാൻ ഒന്നും നേരമില്ലല്ലോ ..."അരുന്ധതി അപകടം നടന്ന സ്ഥലത്തേക്ക് പോയി ഒരു നോക്കു മാത്രമേ അവൾ കണ്ടുള്ളൂ...." മക്കളെ... കരഞ്ഞുകൊണ്ട് അവൾ ബോധംകെട്ട് വീണു.

ബോധം വന്നപ്പോൾ അവൾ ഒരു ഭ്രാന്താശുപത്രിയിലായിരുന്നു ക്രമേണ ആരോഗ്യ ശരിയായ മെച്ചപ്പെട്ട തുടങ്ങി. ആരോടും അവൻ മിണ്ടാതെയായി. അവളുടെ അടുത്തേക്ക് വരാൻ മത്സരിക്കുന്ന തിരമാലയെ കണ്ടു പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു..." ഏകാന്തതയുടെ തടവറയിൽ നിന്നും എനിക്ക് മുക്തി വേണം". അവശേഷിക്കുന്ന ആത്മവിശ്വാസത്തോടെ അവൾ ആ തീരത്തെ പുൽകുന്ന തിരമാലയ ലക്ഷ്യമാക്കി നടന്നു. ആ സമയം സൂര്യൻ കടൽ താണ്ട തുടങ്ങിയിരുന്നു......

# പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം



ശിവ കെ.

അനന്തമായ പ്രപഞ്ചത്തിൽ ഒരു പച്ചക്കൊട്ട് പോലെ ചുറ്റുന്ന നമ്മുടെ സ്വന്തം ഭൂമി. നമുക്കെല്ലാവർക്കും അറിയാം ഭൂമിയാണ് പ്രപഞ്ചത്തിലെ ഏറ്റവും സുന്ദരി. പ്രപഞ്ചത്തിലെ മറ്റ് അനേക ഗ്രഹങ്ങളിൽ നിന്ന് ഭൂമിയെ വ്യത്യാസം ആക്കുന്നത് ജീവന്റെ തുടിപ്പുകൾ ആണ്. പ്രകൃതിരമണീയതയും മനുഷ്യർക്ക് മാത്രം ലഭിച്ച വരമാണ്.

നമ്മുടെ ഈ പ്രകൃതിരമണീയത എന്നും കാത്തുസൂക്ഷിക്കപ്പെടേണ്ടതാണ്. ഈ ഭൂമിയെ കാത്തുസൂക്ഷിക്കേണ്ട ചുമതല നമ്മൾ മനുഷ്യർക്കാണ് ഉള്ളത്. എന്നാൽ അതാണോ ഇവിടെ നടക്കുന്നത്. എല്ലാ പ്രദേശങ്ങളിലും മലിനീകരണം മാത്രം പല തരത്തിലാണ് പ്രകൃതിയെ,പരിസ്ഥിതിയെ ചൂഷണം ചെയ്യുന്നത്.



ഒരുകാലത്ത് നമ്മുടെ പൂർവികർ പ്രകൃതിയെ ദേവകളായി കണക്കാക്കി ആരാധിച്ചിരുന്നു. അതിന്റെ ഫലമായി അന്നത്തെ ഭൂമി പച്ചപ്പുള്ളതായിരുന്നു. കണ്ടുപിടുത്തങ്ങൾ ഒന്നും അക്കാലത്ത് നടന്നിട്ടില്ലാത്തതിനാൽ മാലിന്യങ്ങൾ വളരെ കുറവായിരുന്നു. പ്രകൃതിയെ ദേവകളായി കണക്കാക്കിയിരുന്ന പരിസ്ഥിതി സംരക്ഷണം എന്നൊരു ആന്തരികാർത്ഥം കൂടി ഉണ്ടായിരുന്നു.

എന്നാൽ ഈ കാലത്ത് മനുഷ്യർ പലവിധ കാരണങ്ങളാൽ പ്രകൃതിയെ നശിപ്പിച്ചു കൊണ്ടിരിക്കുന്നു. പ്രകൃതി നാശം വഴി ഒട്ടനവധി പ്രശ്നങ്ങളുണ്ടാകും. അതിൽ ഒരു ഉദാഹരണമാണ് ആഗോളതാപനം.ആഗോളതാപനത്തിന് കാരണമാകുന്നത് മരങ്ങൾ വെട്ടി .

ആഗോളതാപനം ആണ് ഇന്ന് ലോകത്തിലെ ഏറ്റവും വലിയ ചർച്ചകളിൽ ഉള്ളത്. ഇങ്ങനെ പലവിധ പ്രശ്നങ്ങളാണ് ഭൂലോകത്തുള്ളത്. ആ പ്രശ്നങ്ങൾക്ക് പലവിധ കാരണങ്ങളുണ്ട്.

ഇതുപോലുള്ള പ്രശ്നങ്ങളിൽ ഒന്നു മാത്രമാണ് അണുബോംബ്. രണ്ടാം ലോകമഹായുദ്ധ കാലത്ത് ജപ്പാനിൽ ആണ് ഇത് ആദ്യമായി ഉപയോഗിച്ചത്. അതിന്റെ ഫലമായുള്ള പ്രശ്നങ്ങൾ ഇന്നും ജപ്പാനിൽ ഉണ്ട് ഇന്ന് പ്രസ്താവനയിലൂടെ തന്നെ നമുക്ക് അണുബോംബിന്റെ പവർ മനസ്സിലാക്കാം. അണുബോംബിലെ അണുവിസരണം ഒട്ടേറെ പേരുടെ ജീവൻ കവർന്നെടുത്തു. മാത്രമല്ല അതിന്റെ ഫലമായുള്ള രോഗങ്ങളുമായി ഇന്നും ഒട്ടേറെ പേർ ജപ്പാനിൽ ഉണ്ട്. പണ്ട് ഇത് വലിയൊരു ആയിരിക്കുമെന്ന് ആരും കരുതിയിരുന്നില്ല. മാത്രമല്ല അണുബോംബുകളെ അമേരിക്കൻ സേന ഓമന പേരുകൾ ആണ് വിളിച്ചിരുന്നത്. ആ പേരുകളാണ് ലിറ്റിൽ ബോയ്,ഫാറ്റ് മാൻ എന്നിവ. എന്നാൽ ഇന്ന് അണുബോംബിന്റെ സൃഷ്ടാവായ റോബോട്ട് ഓപ്പൺ ഹെയ്മർ പറഞ്ഞിരിക്കുന്നത്,' ഞാൻ മരണമാണ്, ലോകത്തിന്റെ അന്തകൻ' എന്നാണ്. അതേ കുഴപ്പങ്ങൾ പ്രദാനം ചെയ്യുന്നവയാണ് ആണവ റിയാകട്റുകളിലെ സ്ഫോടനവും.

പ്ലാസ്റ്റിക് എന്ന കൊടും ഭീകരനും പരിസ്ഥിതി നാശത്തിൽ ഏറെ പങ്കുവഹിക്കുന്നു. ഇന്ന് മണ്ണിൽ ഒരു വാഴ വെക്കാനായി കുഴിയെടുത്താൽ രണ്ട് കുട്ട നിറയെ പ്ലാസ്റ്റിക്കിട്ടും.പ്ലാസ്റ്റിക് ഒരിക്കലും മണ്ണിലലിയില്ല എന്നതുപോലെ കത്തിച്ചാലും വിഷമയമാണ്. ഇതുപോലെതന്നെ അപകടകരമായ മറ്റനേകം വസ്തുക്കളും ഇന്ന് ഭൂമിയിൽ ഉണ്ട്. അവയെല്ലാം തന്നെ ഇന്ന് ഭൂമിക്ക് ദോഷകരമാണ്.



കീടനാശിനികളും പരിസ്ഥിതി നാശത്തിന് കാരണമാകുന്നു. മനുഷ്യന്റെ സ്വാർത്ഥ ലാഭത്തിനു വേണ്ടിയാണ് കീടനാശിനികൾ ഉപയോഗിക്കുന്നത്. അത് കാർന്നു തിന്നുന്നത് മനുഷ്യരുടെ ജീവിതങ്ങളാണ്. കീടനാശിനികൾ മൂലം മിത്ര കീടങ്ങളും നശിക്കുന്നുണ്ട്. അത് വളരെ വലിയ ഒരു പരിസ്ഥിതി പ്രശ്നമാണ്. കീടനാശിനികളുടെ അമിതയോഗം മൂലം വായു വിഷവായുവായും, നദികൾ കാളിന്ദിയായും പരിണമിക്കും. കീടനാശിനികളുടെ അംശം അത് തളിക്കുന്ന ആളുടെ ശരീരത്തിലും കടന്നു കൂടുന്നുണ്ട്. ഈ രീതിയിലുള്ള പരിസ്ഥിതി മലിനീകരണം ഇന്ത്യയിലാണ് കൂടുതൽ കാണപ്പെടുന്നത്. ആ കാര്യം മനസ്സിലാക്കുകയും അതുമൂലം ഇന്ത്യൻ പച്ചക്കറികൾക്ക് നിരോധനം ഏർപ്പെടുത്തുകയും ചെയ്തിരിക്കുകയാണ് യു എ ഇ. കീടനാശിനികളെ പോലെ തന്നെ അപകടകരമാണ് രാസവള പ്രയോഗവും.

ഇതുപോലെ മരം മുറിക്കാനും മറ്റും വളരെ കുഴപ്പം പിടിച്ചതാണ്. ഇതാണ് മണ്ണൊലിപ്പിനും ഉരുൾപൊട്ടലുമൊക്കെ കാരണമാകുന്നത്. ഇവ മൂലം മനുഷ്യർക്ക് ദോഷം സംഭവിക്കും. ഇതുമൂലം പരിസ്ഥിതിക്ക് സംഭവിക്കുന്ന കോട്ടങ്ങൾക്ക് ഒരു കണക്കുപോലും ഉണ്ടാവില്ല. കീടനാശിനികളെപ്പോലെ തന്നെ അപകടം നിറഞ്ഞ ഒരു കാര്യമാണ് ഇതും.

പ്രകൃതിയെ നാം സംരക്ഷിക്കണം അതിനാണ് നാം ഇനി പ്രാധാന്യം നൽകേണ്ടത്. അതിനായി നാം സസ്യലതാദികൾ നട്ടുപിടിപ്പിക്കണം. അങ്ങനെ നാട് സസ്യലതാദികൾ കൊണ്ട് നിറയണം. നാട്ടുകാരെയും കുട്ടികളെയും ബോധവൽക്കരിക്കണം. കീടനാശിനികളെയും രാസവളങ്ങളും ഉപേക്ഷിക്കുകയും ജൈവവളങ്ങൾ ഉപയോഗിക്കുകയും ചെയ്യണം. പരിസ്ഥിതിയെ നമ്മളെപ്പോലെ തന്നെ കണ്ട് സ്നേഹിക്കണം. അങ്ങനെ പരിസ്ഥിതിയെ സംരക്ഷിക്കണം. പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം മനസ്സിലാക്കണം.



# അണയാത്ത വിളക്ക്



തന്മയ കെ വി

**ആ**കാശത്ത് പൊൻ തളിക ഉദിച്ചു. സൂര്യകിരണങ്ങൾ കൺമണിയെ തഴുകി. അവളുടെ കുഞ്ഞു കണ്ണുകൾ പതിയെ തുറന്നു. പക്ഷികളുടെ കളകളനാദം അവളുടെ ചെവിയിൽ മുഴങ്ങി. പുറത്ത് നേരിയ ചാറ്റൽ മഴയുണ്ട്. അവൾ അടുക്കളയിലേക്കോടി. അമ്മൂമ്മയ്ക്കാണ് അടുക്കള ഭരണം. 'ഹാ അമ്മൂമ്മേടെ മോൾ എഴുന്നേറ്റോ?' അവൾ തലയാട്ടി. ദൈവം എല്ലാ സ്വഭാവസവിശേഷതകളും എന്റെ മോൾക്ക് കനിഞ്ഞു നൽകിയിട്ടും.... എൻ്റെ കൺമണിടെ ശബ്ദം മാത്രം എനിക്ക് കേൾക്കാൻ വിധിച്ചിട്ടില്ലല്ലോ. ചുക്കിച്ചുളിഞ്ഞ ആ മുഖത്തൂടെ കണ്ണുനീർ പൊഴിഞ്ഞു. കൺമണിക്ക് സംസാരിക്കാൻ കഴിയില്ല. അവൾ അമ്മയുടെ മുറിയിലേക്കോടി. അവളുടെ അമ്മയ്ക്ക് കാഴ്ചശക്തിയില്ല. ഊമയായ മോളും അന്ധയായ അമ്മയും. കണ്മണി അമ്മയുടെ കയ്യിൽ പിടിച്ചു ഇരുൾ മൂടിപ്പൊത്തിയ കണ്ണുകളിലൂടെ തൻ്റെ മകളെ കാണാൻ ആ അമ്മയ്ക്ക് കഴിഞ്ഞിരുന്നു. കണ്മണി മുറ്റത്തിറങ്ങി നോക്കി. ബാഗും എടുത്തു യൂണിഫോമും അണിഞ്ഞ് സ്കൂളിൽ പോകുന്ന കുട്ടികളെ നോക്കി അവൾ തൂണിൽ പിടിച്ചുനിന്നു അവളെ സ്കൂളിൽ അയക്കാനുള്ള പണം അവളുടെ മാതാപിതാക്കൾക്ക് ഉണ്ടായിരുന്നില്ല. അവളുടെ അച്ഛൻ ഛത്തീസ്ഗഢിൽ ആണ്.ഇന്ത്യയ്ക്കു വേണ്ടി പോരാടുന്ന ഒരു സൈനികൻ്റെ മകൾ ആയിരുന്നു അവൾ.രാവെന്നോ പകലെന്നോയില്ലാതെ, 'ഭക്ഷണവും വെള്ളവുമില്ലാതെ, മഞ്ഞെന്നോ തീയെന്നോ ഇല്ലാതെ, ഏത് പെരുംകാട്ടിലും അവസാന നിമിഷം വരെ ഇന്ത്യയുടെ

സംരക്ഷിക്കാനായ്യിറന്നവർ.
അങ്ങനെ ഒരു ധീര ജവാന്റെ മകളായിരുന്നു കണ്മണി. അച്ഛൻ പോയിട്ട് ഇന്നേക്ക് മൂന്ന് വർഷം. അച്ഛൻ്റെ ഒരു വിവരവുമില്ല. അവൾ ഒരു ചിന്തയിലാണ്ടങ്ങനെ പരിസരം മറന്ന് നിൽക്കുകയാണ്. അപ്പോഴാണ് അമ്മമ്മയുടെ നിലവിളി അവൾ കേട്ടത്. അവൾ ചിന്തയിൽ നിന്നും ഞെട്ടി ഉണർന്ന് അകത്തേക്ക് പരിഭ്രാന്തിയോടെ ഓടി. വായിൽ നിന്നും മൂക്കിൽ നിന്നും രക്തവും പതയും വന്നു പിടയുന്ന അമ്മ. ശബ്ദം പോലും പുറത്തു വരാതെ അവൾ വിതുമ്പി. ആശുപത്രിയിൽ കൊണ്ടു പോകാനുള്ള ഒരു മാർഗമോ പണമോ അവർക്കില്ല. ഒരു തികഞ്ഞ കുഗ്രാമം ആയിരുന്നു അത്. മഴ കോരിച്ചൊരിയാൻ തുടങ്ങി. എന്തുചെയ്യണമെന്നറിയാതെ അവർ നടുങ്ങി. പ്രായം ചെന്ന കിളവിയും ഊമയായ ഒരു കുട്ടിയും. അവൾ അമ്മയുടെ പിടയുന്ന കൈകളിൽ അമർത്തിപ്പിടിച്ചു. ആ കൈകൾ നിലച്ചു. ആ പിടച്ചിൽ അവസാനിച്ചു. അവളെ തനിച്ചാക്കി ആ അമ്മ യാത്രയായി. മാസങ്ങൾ കടന്നു. അമ്മ പോയതിന്റെ




വേദന യിൽ നിന്നും അവൾ മുക്തയായില്ല. അപ്പോഴതാ പോസ്റ്റ്മാന്റെ വിളി. അമ്മൂമ്മ അത് വാങ്ങിച്ചു. അവർക്ക് കാഴ്ച്ച ശക്തി കുറവായതുകൊണ്ട് വായിക്കാൻ പറ്റിയില്ല. അതുകൊണ്ട് പോസ്റ്റുമാനെ കൊണ്ട് വായിപ്പിച്ചു. കണ്മണിയുടെ അച്ഛൻറെ കത്തായിരുന്നു അത്. അച്ഛൻ വരുന്നുണ്ടെന്ന് പറഞ്ഞപ്പോൾ കൺമണി സന്തോഷിച്ചു. ഒരാഴ്ചയ്ക്കുള്ളിൽ അച്ഛൻ വരുമെന്ന് പറഞ്ഞു. അവളുടെ കാത്തിരിപ്പ് ആരംഭിച്ചു. അവളുടെ കാത്തിരിപ്പിന് വിരാമമായി ആ വാർത്ത അവളെ തേടിയെത്തി. ആഴ്ചകൾക്ക് ശേഷമായിരുന്നു ആ വാർത്ത കൺമണിയെ തേടിയെത്തുന്നത്. ആംബുലൻസിൽ ഒരു മൃതദേഹം അവളുടെ വീടിനു മുമ്പിൽ എത്തി. പെട്ടി തുറന്നു. വെടിയേറ്റ് മരണപ്പെട്ട അവളുടെ അച്ഛൻറെ ശരീരം. കണ്ണുകൾ ചുവന്ന് കലങ്ങി. കണ്ണുനീർ ചോരയായി പൊഴിഞ്ഞു. അച്ഛനും അമ്മയും മറ്റൊരു ലോകത്തേക്ക് അവളെ തനിച്ചാക്കി യാത്രയായി. വർഷങ്ങൾ കഴിഞ്ഞു

കണ്മണി എന്ന പെൺകുട്ടി കെട്ടണഞ്ഞില്ല.



ൊാലെ

ാടുന്ന




# കമ്പല്ലൂർ സ്കൂൾ വളർച്ചയുടെ പടവുകൾ

മനുഷ്യരുടെ സാമൂഹ്യ ജീവിതത്തിൻ്റെ സമഗ്രതയിൽ അവരുടെ സമസ്ത ആവിഷ്കാരങ്ങളെയും ഉൾക്കൊള്ളുന്ന മേഖലയാണ് വിദ്യാഭ്യാസം. അതുകൊണ്ടുതന്നെ നാം ജീവിക്കുന്ന സമൂഹത്തെപ്പറ്റി വിമർശനപൂർവ്വം ചിന്തിക്കാൻ പ്രാപ്തി ലഭിക്കലാണ് ഇതിൻ്റെ പരമപ്രധാന ലക്ഷ്യമെന്ന് കമ്പല്ലൂരിൽ അക്ഷര വെളിച്ചം എത്തിച്ച നമ്മുടെ പൂർവ്വസൂരികൾ തിരിച്ചറിഞ്ഞിരിക്കണം. കാരണം നിലനിൽക്കുന്ന രാഷ്ട്രീയ സാമൂഹ്യ ജീവിതാവസ്ഥയുടെ ദുരിത പൂർണമായ സാഹചര്യത്തിൽ നിന്ന് വിദ്യാഭ്യാസത്തിലൂടെ മാത്രമേ മോചനം സാധ്യമാകു എന്ന് അവർക്ക് ഉറച്ച ബോധ്യം ഉണ്ടായിരുന്നു. ഇതിന്റെ ഭാഗമായാണ്, 1939 ഒക്ടോബർ മാസത്തിൽ (1115 തുലാമാസം )മാരാർ കുഞ്ഞിരാമൻ എന്ന എഴുത്താശാൻ ശ്രീ നെല്ലൂർ ഗോവിന്ദൻ നായരുടെ വീട്ടിൽ എത്തിയതും കമ്പല്ലൂരിൻ്റെ ഇന്നറിയപ്പെടുന്ന വിദ്യാഭ്യാസ ചരിത്രം ആരംഭിക്കുന്നതുഅധിക്കാമസിയാതെ കാരണങ്ങളാൽ ഈ എഴുത്താശാൻ കളരിയുടെ പ്രവർത്തനം നിലയ്ക്കുകയും, തുടർന്ന് കമ്പല്ലൂരിലെ അക്കാലത്തെ കർഷക സംഘത്തിൻ്റെ പ്രവർത്തകരുടെ കൂട്ടായ പ്രയത്നത്തിൻ്റെ ഫലമായി കമ്പല്ലൂർ കോട്ടയ്പ്പടിയിൽ ആമന്തറകൃഷ്ണൻ നായർ എന്ന എഴുത്ത് ആശാൻ ശി ക്ഷണത്തിൽവിദ്യാഭ്യാസം 6 പുനരാരംഭിക്കുകയും, വളരെ പ്രശസ്തമായ രീതിയിൽ തന്നെ അതിൻ്റെ പ്രവർത്തനം തുടരുകയും ചെയ്തു. നാടിന്റെ സാമൂഹിക സാംസ്കാരിക മേഖലകളിലും നിറസാന്നിധ്യമായിരുന്ന അദ്ദേഹം. കവിതകളും, ശ്ലോകങ്ങളും, കോൽക്കളി പാട്ടുകളുടെ ഈരടികളും, ദേവി സ്തുതികളും എഴുതി അവതരിപ്പിക്കപ്പെട്ടിരുന്നു. കമ്പല്ലൂരിലെ കോൽക്കളി ജനകീയമായിത്തീർന്നത് ഇദ്ദേഹത്തിന്റെ കാലഘട്ടത്തിലാണ്. നാട്ടിലെ ഒരു തലമുറയിൽ ബഹു ഭൂരിപക്ഷം പേരും ആമന്തറ മാഷിൻ്റെ ശിഷ്യഗണത്തിൽ

ഉൾപ്പെട്ടവരാണ്. തുടർന്ന് പാലാട്ട് ശങ്കരൻ അടിയോടിയും കമ്പല്ലൂരിൽ അക്ഷര വെളിച്ചം ചകരാൻ എത്തി.

1954 ലിൽ മദിരാശി സംസ്ഥാനത്തിൻ്റെ ഭാഗമായ തെക്കൻ കർണാടക ജില്ലയിലെ ഉൾനാടൻ ഗ്രാമപ്രദേശങ്ങളിൽ സ്കൂളുകൾ സ്ഥാപിക്കുക എന്ന സൗത്ത് കാനറ ജില്ലാ ബോർഡിന്റെ പദ്ധതിയുടെ ഭാഗമായി ശ്രീ എൻ ജി കമ്മത്തിന്റെ ഇടപെടലിൻ്റെ കൂടി ഫലമായി കമ്പല്ലൂരിൽ ഏകാധ്യാപക വിദ്യാലയം അനുവദിച്ചു കിട്ടുകയും ചന്തേരയിലെ ശ്രീ പി വി ബാലകൃഷ്ണൻ മാസ്റ്ററെ അധ്യാപകനായി നിയമിക്കുകയും ചെയ്തു. 1954 ൽ ഈ വിദ്യാലയത്തിന്റെ ഉദ്ഘാടനം സൗത്ത് കാനറ ഡിസ്ട്രിക് ബോർഡ് മെമ്പർ ശ്രീ എം ജി കമ്മത്ത് നിർവഹിച്ചു. 1957 ൽ കേരളത്തിൽ അധികാരത്തിൽ വന്ന ഇ എം എസ് സർക്കാർ ഈ ഏകാധ്യാപക വിദ്യാലയത്തെ എൽപി സ്കൂൾആയി ഉയർത്തി. തുടർന്ന് 1964 ജൂണിൽ ഇത് യുപി സ്കൂൾ ആയി അപ്ഗ്രേഡ് ചെയ്തു.

അപ്പോഴും ഹൈസ്കൂൾ പഠനത്തിനായി കാടും പുഴയും താണ്ടി കണ്ണൂർ ജില്ലയിലെ വയക്കര ഹൈസ്കൂളിലേക്ക് പോകണമായിരുന്നു. എന്നാൽ കമ്പല്ലൂരിലെ സാധാരണക്കാരുടെ ഹൈസ്കൂൾ പഠനം എന്ന സ്വപ്നം പൂവണിഞ്ഞത് 1981 ൽ ഇ കെ നായനാർ സർക്കാർ അന്നത്തെ എംഎൽഎ ആയിരുന്ന ശ്രീ പി കരുണാകരൻ ഇടപെടലിന്റെ ഫലമായി കമ്പല്ലൂർ യുപി സ്കൂളിനെ ഹൈസ്കൂളായി ഉയർത്തിയതിലൂടെയാണ്. ഹൈസ്കൂൾ പഠനശേഷമുള്ള തുടർ പഠനത്തിനായി കിലോമീറ്ററുകൾ താണ്ടി പയ്യന്നൂരിലോ കാഞ്ഞങ്ങാടോ പോകേണ്ടി വന്ന മലയോര ജനതയുടെ പ്രശ്നം തിരിച്ചറിഞ്ഞ് 1991 ൽ മുഖ്യമന്ത്രിയായിരുന്ന ശ്രീ ഇ.കെ നായനാർ സംസ്ഥാനത്തെ ആദ്യത്തെ ഹയർ സെക്കണ്ടറി സ്കൂൾ കമ്പല്ലൂരിൽ അനുവദിച്ചു കൊണ്ട് മലയോര ജനതയെ ചേർത്ത് പിടിച്ചു. വളർച്ചയുടെ പടവുകൾ താണ്ടി ഇന്ന് സംസ്ഥാനത്ത് തന്നെ ഏറ്റവും ശ്രദ്ധിക്കപ്പെടുന്ന വിദ്യാല യമായി ജി എച്ച് എസ് എസ് കമ്പല്ലൂർ മാറിക്കഴിഞ്ഞു. അതാതു കാലഘട്ടങ്ങളിലെ എം.പിമാർ, എം.എൽ.എ മാർ, ത്രിതല പഞ്ചായത്തു സംവിധാനങ്ങൾ എന്നിവയുടെ ബോധപൂർവ്വമായ ഇടപെടലുകൾ ഭൗതിക സാഹചര്യ ങ്ങളുടെ വികസനത്തിൽ മാത്രമല്ല, മികച്ച പഠനാന്തരീക്ഷം സൃഷ്ടിക്കുന്നതിലും ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്.







ആര്യലക്ഷമി പി.ആർ.

# ആശാന്റെ സാഹിത്യസംഭാവനകളുടെ സവിശേഷതകൾ

രാമചരിതകാരനായ ചീരാമകവിയിൽ തുടങ്ങിയ മലയാള കവിതാപ്രവാഹം എത്ര മഹാകവികളാണ് സമ്പന്നമാക്കിയത് / ചെറുശ്ശേരി, എഴുത്തച്ഛൻ, കുഞ്ചൻ നമ്പ്യാർ തുടങ്ങി നിരവധി പ്രതിഭകൾ ഓരോ കാലഘട്ടത്തേയും അടയാളപ്പെടുത്തി. മഹാകാവ്യം എഴു അതെ 'മഹാകവി കുമാരനാശാൻ' എന്ന ബഹുമതി ലഭിച്ച മലയാള കവിതയിലെ നിത്യവിസ്മയമാണ് കുമാരനാശാൻ. കുമാരനാശാന്റെ സാഹിത്യ സംഭാവനകൾ പരിഗണിക്കുമ്പോൾ കവിതാ സാഹിത്യത്തിനു മാത്രമല്ല മലയാള സാഹിത്യത്തിനാകെ അദ്ദേഹം ചെയ്ത സംഭാവനകൾ വിലയിരുത്തേണ്ടതാണ്. അവ പ്രധാനമായും താഴെ പറയുന്നവയാണ്.

1. കൃതികളിലെ സമ്പന്നതയും ഉൾക്കനവും

കേവലം51കൊല്ലംമാത്രംജീവിച്ചഒരാളിൽ നിന്ന് നിര പ്രവാഹമായി ഉയിർകൊണ്ട ഒരു കാവ്യ പ്രപഞ്ചമാണ് ആശാന്റെ കാവ്യലോകം. ധാരമുറിയാതെ രചിക്കപ്പെട്ട നാടകങ്ങളും, വിവർത്തനങ്ങളും, നിരൂപണങ്ങളും, ലേഖനങ്ങളും, പ്രഭാഷണങ്ങളും, കവിതകളും ജീവിതത്തി ഒരുനിമിഷംപോലും പാഴാക്കാതെ പ്രവർത്തിച്ച ഒരു സർഗാത്മക വ്യക്തിത്വത്തിന്റെ സമ്പൂർണ്ണ ആവിഷ്ക്കാരമാണ്. എണ്ണത്തിലും വണ്ണത്തിലും മാത്രമല്ല ആശയത്തിന്റെ അഗാധതയിലും അത്രമേൽ സമ്പന്നമാണ് ആശാൻ കൃതികൾ.

2.വൈവിധ്യമാർന്ന വിഷയങ്ങൾ/ കഥാരംഗങ്ങൾ/കഥാപാത്രങ്ങൾ

ആശാൻ കൃതികളിൽ ആവിഷ്കൃതമായ ജീവിതരംഗങ്ങളും ആവിഷ്ക്കരണ ശൈലിയും സമാനതകളില്ലാത്ത വൈവിധ്യങ്ങൾ നിറഞ്ഞതാണ്. രൂപപരമായും ആശയപരമായും ആവിഷ്ക്കാര രീതിയിലും സർഗാത്മകതയുടെ വിവിധ മാതൃകകൾ ആശാൻ നമുക്ക് കാണിച്ചു തരുന്നു. അദ്ദേഹത്തിന്റെ ആശയങ്ങൾ ആവിഷ്ക്കരിക്കുന്നതിനായി ആ മഹാപ്രതിഭ ഇന്ത്യയുടെ അങ്ങോളമിങ്ങോളമുള്ള ഭൂപ്രദേശത്തെ കഥാരംഗമായും ബുദ്ധഭിക്ഷു മുതൽ ചാത്തൻ പുലയൻ വരെ കഥാപ്രാത്രങ്ങളായും സ്വീകരിച്ചു.

3. ദർശന സമഗ്രത

ആശാൻ സാഹിത്യം ഏറ്റവും ശ്രദ്ധേയമാവുന്നത് ആവിഷ്ക്കരിക്കുന്ന ദർശനത്തിന്റെ സമഗ്രതയിലും അഗാധതയിലുമാണ്. സംസ്കൃതപഠനം, വിവേകാനന്ദ കൃതിയുമായുള്ള ബന്ധം, ഇംഗ്ലീഷ് വിദ്യാഭ്യാസം എന്നിവ ഭാരതീയ പാരമ്പര്യത്തെ വിമർശനാത്മകമായി സമീപിക്കുവാൻ ആശാനെ സന്നദ്ധനാക്കി. അനുഭവത്തിന്റെ അഴകും ലോകത ത്വങ്ങളുടെ മൂർത്തതയുമാണ് അദ്ദേഹത്തിന്റെ കൃതികളിലെ കാതൽ.

4. സങ്കീർണ്ണതാബോധം

മഹത്തായ കൃതികൾ അതിലളിതമായിരിക്കില്ല. ജീവിതത്തിന്റെ സങ്കീർണതകളും സമസ്യകളും ധർമ്മ സങ്കടങ്ങളും അഭിമുഖീകരിക്കേണ്ടി വരുമ്പോൾ അതിന് വായനക്കാരനെ മാനസികമായി സജ്ജനാക്കുന്നതാവണം മഹത്തായ കൃതികൾ. ഈ ബോധം അദ്ദേഹത്തിന്റെ ഈ വരികളിൽ തെളിയുന്നു.

'ഒരു നിശ്ചയമില്ല ഒന്നിനും വരുമോരോ ദശ
വന്നപോലെ പോം തിരയുന്നു
മനുഷ്യനേതിനോ
തിരിയാലോകരഹസ്യമാർക്കുമേ' (ലീല)

എന്ന വരികളും

'കരുതുവതിഹ ചെയ്യു വയ്യ, ചെയ്യാൻ വരുതി
ലഭിച്ചതിൽ നിന്നിടാവിചാരം
പരഹിതമറിഞ്ഞുകൂടായു-
സ്ഥിരതയുമില്ലതിനിന്ദ്യമീ നരത്വം (ലീല)

എന്ന വരികളും മനുഷ്യജീവിതത്തിന്റെ പ്രസാദാത്മകത യിലേക്ക് നമ്മെ ഉണർത്തുകയും ഉത്തേജിപ്പിക്കുകയും ചെയ്യുന്നു.



# ഒറ്റയ്ക്ക് പെയ്യുന്ന മഴ

പുത്രീ.......

ഏത് കടൽക്കല്ലിൽ ആർത്താർത്ത് തല്ലിക്കരയുന്നു ?

ഏത് മൗന മഹാസാഗരത്തിലലതല്ലി വിയർത്തൊടുങ്ങുന്നു നീ ?

ഒറ്റയ്ക്ക് പെയ്യുന്ന മഴകളെ

ഏത് കാട്ടുചോല തൻ കൽകറുപ്പിൽത്തട്ടി
ആത്മഹത്യ ചെയ്യുന്നു നീ ?

ഒറ്റയ്ക്ക് പെയ്യുന്ന മഴകളെ

നിങ്ങളേതു കണ്ണിൽ നൊമ്പര

തീപ്രളയമാകുന്നീരാവിൽ ?

ഒറ്റയ്ക്ക് പെയ്യുന്ന മഴകളെ

മണ്ണിൽ ആത്മബന്ധം പുതച്ചൊന്നിച്ച് കുളിരുവാൻ

ഏത് മാനസ മരുപ്പച്ചയിൽ

നഗ്നരാത്രിയിൽ പെറ്റുവീഴുന്നു ?

ഒറ്റയ്ക്ക് പെയ്യുന്ന മഴകളെ

നിങ്ങളേതു ഗരുഡന്റ ചുണ്ടിൽ കൂർത്ത നഖങ്ങൾ ചേർത്ത്
വെക്കുന്നു ?

നിങ്ങൾ എത് പർവ്വതച്ചൂടിൽ ബാഷ്പമാകുന്നു ?

നിങ്ങളേതു കുന്നിൻ ചെരുവിൽ ഉൻമത്ത മധുരമാകുന്നു ?

നിങ്ങൾ ഏത് കുഞ്ഞിൻ കവിളിൽ കനലുറ്റൽ ആകുന്നു?

ഒറ്റയ്ക്ക് പെയ്യുന്ന മഴകളെ

നിങ്ങളോളം

ഒറ്റയ്ക്ക് പെയ്യുന്ന മഴയാണ് ഞാനും.....!

# ആടുജീവിതം ആസ്വാദനം



ശയന.പി.

മലയാളത്തിലെ പ്രശസ്ത നോവലിസ്റ്റ് ബന്യാമിന്റെ ഹൃദയസ്പർശി യായ ഒരു നോവലാണ് "ആടുജീവിതം". വായന കുറഞ്ഞു വരുന്ന കാലത്ത് നിരവധി വായനക്കാരെ സൃഷ്ടിക്കാൻ 'ആടു ജീവിത'ത്തിന് കഴിഞ്ഞു. ഒരു മനുഷ്യന് ഉൾക്കൊള്ളാൻ കഴിയാവുന്നതിലുമപ്പുറം വികാര തീവ്ര മുഹൂർത്ത ങ്ങളിലൂടെയാണ് നോവൽ കടന്നു പോകുന്നത്. ഓരോ മനുഷ്യമനസിലേക്കും ആഴത്തിലിറങ്ങിച്ചെല്ലാൻ ആടുജീവിതത്തിന് സാധിച്ചു.' "ചുട്ടു പഴുത്ത മണൽ വിരിപ്പിൽ മരിച്ചുവീണുപോയ ഓരോ ആത്മാക്കൾക്കും" എന്ന സമർപ്പണത്തോടെയാണ് നോവൽ ആരംഭിക്കുന്നത്.

നജീബാണ് കഥാനായകൻ. മനുഷ്യമനസിനെ പിടിച്ചു കുലുക്കും തരത്തിൽ നജീബ് എന്ന പ്രവാസിയുടെ ജീവിത രേഖ 'ആടുജീവിത'ത്തിലൂടെ വരച്ചുകാട്ടുകയാണ് നോവലിസ്റ്റ്. മനുഷ്യാത്മാവിന് ഉൾക്കൊള്ളാൻ പോലും കഴിയാത്ത അത്രയും ദുരിതങ്ങളും, കഷ്ടതകളും, വേദനകളും അനുഭവിച്ചവനാണ് നജീബ്. നജീബ് എന്ന, സാധാരണക്കാരിലും സാധാരണക്കാരനായവന്റെ പച്ചയായ ജീവിതം തുറന്നുകാട്ടുകയാണ് ബെന്യാമിൻ. നജീബിൽ ഉണ്ടാകുന്ന ഓരോ വികാരത്തെയും അതിന്റെ തീവ്രത നഷ്ടപ്പെടാതെ, അത്രയേറെ സൂക്ഷ്മമായാണ് ബെന്യാമിൻ അവതരിപ്പിച്ചിട്ടുള്ളത്. സമൂഹത്തിലെ നമുക്കിട യിലുള്ള സഹോദരൻ്റെ നീറുന്ന ജീവിതത്തിന്റെ താളുകളാണ് 'ആടുജീവിതം'.

ഗ്രാമീണാന്തരീക്ഷത്തിൽ ജീവിക്കുന്ന നജീബിന് ഉമ്മയും, ഗർഭിണിയായ ഭാര്യയും അടങ്ങുന്ന കൊച്ചു കുടുംബമായിരുന്നു ഉണ്ടായിരുന്നത്. ചെലവുകളും പ്രാരാബ്ധങ്ങളും ഏറെയായ പ്പോൾ യാദൃശ്ചികമായി ലഭിച്ച വിസയുമായി കടൽ കടന്ന് പറന്നു പോവാനാണ് നജീബ് ആഗ്രഹിച്ചത്. ധാരാളം സ്വപ്നങ്ങളും ആഗ്രഹങ്ങളുമായാണ് നജീബ് തന്റെ പച്ചയായ ജീവിതത്തിൽ നിന്ന് പറന്ന് അകലെ മരുഭ്രമിയുടെ മണ്ണിൽ ചേക്കേറിയത്. ജീവിതത്തിൽ മുങ്ങാംകുഴി ഇട്ടുന്ന ആ യുവാവിന് തൻ്റെ സ്വപ്നങ്ങൾ തന്നെയായിരുന്നു ഊർജ്ജം. ഹക്കീം എന്ന പയ്യനോടൊത്ത് സ്വപ്നങ്ങളുടെ ചിറകേറി വന്നത് നരകത്തിലേക്കായിരുന്നു വെന്ന് മനസ്സിലാക്കാൻ നജീബിന് ദിവസങ്ങൾ വേണ്ടിവന്നു. അവരുടെ യജമാനനായ അർബാബിനോടൊത്ത് തടവുകാരെ പോലെയുള്ള യാത്ര നജീബിനെ കൂടുതൽ ആകാംക്ഷാപൂർണനാക്കി.

പക്ഷേ, പ്രതീക്ഷിച്ചതൊന്നുമായിരുന്നില്ല അദ്ദേഹത്തെ തേടിയെത്തിയത് ഹക്കീമിനെയും നജീബിനെയും വേർപിരിക്കുകയും മുഷിഞ്ഞ വസ്ത്രങ്ങളും മസറയും നജീബിനെ തേടിയെത്തുകയും ചെയ്തു. താഴെ ഭ്രമിയും മുകളിൽ ആകാശവും അതുമാത്രമായി നജീബിൻ്റെ ഗൾഫ്. ഇരുട്ടിൻ്റെ മറവിൽ തന്റെ അർബാബിന്നോടൊത്ത്, എത്തിയത് എവിടെയാണെന്ന് പോലും മനസിലാകാതെ ഒരു രാത്രി അയാൾ കഴിച്ചുകൂട്ടി. പിറ്റേന്ന് നജീബ് യാഥാർത്ഥ്യം ഉൾക്കൊണ്ടു. പച്ചപ്പിന്റെ തരികൾ പോലും ഇല്ലാത്ത ഒരു പ്രദേശവും നൂറുകണക്കിനാടുകളും. തൻ്റെ അവസ്ഥയേക്കാൾ.. നല്ലത് നരകം ആണെന്ന് അയാൾ ചിന്തിച്ചിട്ടുണ്ട്. തൻറെ അവസ്ഥയിൽ തളർന്നു പോയ നജീബ് പതുക്കെപ്പതുക്കെ യാഥാർത്ഥ്യങ്ങളെ തിരിച്ചറിഞ്ഞ് ജീവിക്കാൻ തുടങ്ങി. ആടുകളുടെ കൂടെ ജീവിച്ച് അയാളും ഒരു ആടായി മാറിയിരുന്നു. മസറ അയാൾക്ക് സ്വന്തം വീടുമായി. മൂന്നു - വർഷത്തിലധികം അയാൾ ഒരു മൃഗതുല്യമായ ജീവിതം നയിച്ചു. മറ്റൊരു മനുഷ്യജീവിയെ അയാൾ കണ്ടിട്ടേയില്ലായിരുന്നു. മൂന്നുവർഷം നജീബ് സഹിക്കാത്ത വേദനകളും, ദുരിതങ്ങളും ഇല്ല. സ്വന്തം ഉമ്മയുടെ മരണമോ ഭാര്യയുടെ പ്രസവമോ പോലും അറിയാൻ അയാൾക്ക് കഴിഞ്ഞില്ല. ശാരീരികമായും മാനസികമായും തളർന്നുപോയ ഒരുവനായി നജീബ് മാറിക്കഴിഞ്ഞിരുന്നു. ദുരിതങ്ങൾ ഏറെ സഹിക്കേണ്ടി വന്നിട്ടും അയാൾ അതിജീവിച്ചു. തളർന്ന ചിറകുകളുമായി മരുഭ്രമി മണ്ണിൽ നിന്നും പറന്നകന്നു. ജീവിതത്തിൽ ഇതിലുമധികം വേദനകൾ ഏറ്റുവാങ്ങാൻ ഒരു മനുഷ്യന് സാധിക്കുമോ ? നജീബ് ഇവയെല്ലാം അതിജീവിച്ചില്ലേ ? പോരാടിയില്ലേ ? നജീബിൽ നിന്നും നമുക്ക് ഓരോരുത്തർക്കും ലഭിക്കുന്ന പാഠം അത്രമേൽ വലുതാണ്. 'ജീവിത പ്രതിസന്ധികളിൽ തളരാതെ പോരാടണം'. മനുഷ്യൻ്റെ സഹനശക്തിയുടെ ആഴം എത്രത്തോളം എന്ന് തെളിയിക്കുന്ന നോവലാണ് 'ആടുജീവിതം'.

# എന്തെ നീയുണ്ണീ?



അജിൻ പി.എം.

ക്രൂരിരുട്ടാകുന്നിതുണ്ണീ നീയാ
മാമുകുടിക്കടന്നതെപ്പോൾ
മാർത്താണ്ഡനസ്തമിച്ചുണ്ണീ
നീയെൻനെറുകൈയിൽ
ചായുന്ന തെപ്പോൾ
അമ്മിഞ്ഞപ്പാലിൻ മധുരം നുകർന്നിട്ടും
അമ്മതൻ പാട്ടുകൾ പാടിയുറക്കീട്ടും
എന്നിട്ടും എന്നിട്ടും എന്തെനീയുണ്ണീ
ചാഞ്ഞുമയങ്ങാത്തതെന്തേ?
തോളിൽ കയറ്റി മാമനെ കണ്ടിട്ടും
എന്നിട്ടും എന്നട്ടും എന്തെനീയുണ്ണീ
ചാഞ്ഞുമയങ്ങാത്തതെന്തേ?

നേരം പുലർക്കെ എഴുന്നേറ്റു നീയെൻെറ
പാദസരങ്ങൾ കിലുക്കുന്നതെന്തിന് ?
കാഴ്ച്ചകൾ കണ്ടു രസിച്ചിട്ട് നിൻെറയാ
പുഞ്ചിരിക്കായ് ഞാനൊരുമ്മ വച്ചീടവെ
നിന്നിലെ പൂമ്പാറ്റക്കുട്ടങ്ങൾ വന്നിതെൻ
നെഞ്ചിനകത്തായ് പതിഞ്ഞിരിക്കും
അവില്ലൊരിക്കലും നിൻെറയാ ആനനം
കണ്ടു മടുക്കുവാനാവുകില്ല.

# LITTLE KITES

# ഹൈടെക് വിദ്യാലയങ്ങളിലെ കുട്ടികളുടെ ഐ ടി കൂട്ടായ്മ

## ആമുഖം

അറിവ് മറ്റൊരാളിൽനിന്ന് പകർന്നുകിട്ടുക എന്നതിനപ്പുറം ഓരോരുത്തരും സ്വയം നിർമ്മിക്കേണ്ടതാണെന്നുള്ള തിരിച്ചറിവ് വിദ്യാഭ്യാസരംഗത്തെ തെല്ലൊന്നുമല്ല മാറ്റിമറിച്ചത്. ഇതിന്റെ ഫലമായി പാഠപുസ്തകത്തിൽ ചിട്ടപ്പെടുത്തിയിരിക്കുന്ന കേവലമായ അറിവുകളുടെ വിനിമയത്തിനപ്പുറം അധ്യാപകന്റെയും വിദ്യാർഥിയുടെയും സജീവവും സമ്പൂർണ്ണവുമായ പങ്കാളിത്തത്തോടെയുള്ള ഒരു വിദ്യാഭ്യാസപ്രക്രിയ രൂപപ്പെട്ടുവന്നിട്ടുണ്ട്. വിവരവിനിമയ സാങ്കേതികവിദ്യയുടെ സങ്കേതങ്ങൾക്കും ഉപകരണങ്ങൾക്കും ഇത്തരമൊരു പ്രക്രിയയിൽ വലിയ പങ്കുവഹിക്കാനാകും എന്ന ബോധ്യത്തിൽനിന്നാണ് പ്രസ്തുത സങ്കേതങ്ങൾ സമർത്ഥമായും ഫലപ്രദമായും ഉപയോഗിക്കാൻ വൈദഗ്ധ്യവും അഭിരുചിയുമുള്ള തലമുറയെ സർഗാത്മകമായി പ്രയോജനപ്പെടുത്തുന്നതിനായി 'ലിറ്റിൽ കൈറ്റ്സ്' എന്ന കുട്ടികളുടെ ഐ.ടി. കൂട്ടായ്മ കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ നടപ്പിലാക്കിയത്.ലിറ്റിൽകൈറ്റ്സ് പദ്ധതിയിലെ ഓരോ അംഗത്തിനും വൈവിധ്യമാർന്ന പരിശീലനങ്ങളിലൂടെ

കടന്നുപോകാനുള്ള സുവർണാവസരമാണ് മൂന്ന് വർഷത്തെ പ്രവർത്തനകാലയളവിലൂടെ ലഭിക്കുന്നത്. സാങ്കേതികരംഗത്തെ വിവിധ മേഖലകളിലുള്ള അടിസ്ഥാന നൈപുണികൾ പരിചയപ്പെടുന്നതിന് അവസരം നൽകി, ഓരോ കുട്ടിക്കും തനിക്ക് യോജിച്ച മേഖലയോട് ആഭിമുഖ്യം ജനിപ്പിക്കുന്നതിനുള്ള അവസരമൊരുക്കുന്നതിനാണ് വിവിധ വിഷയമേഖലയിലെ പ്രായോഗികപരിശീലനം ലിറ്റിൽകൈറ്റ്സ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഹൈടെക് ഉപകരണ പരിപാലനം, ഗ്രാഫിക്സ്&അനിമേഷൻ, സ് ക്രച്ച് പ്രോഗ്രാമിങ്, പൈത്തൺ പ്രോഗ്രാമിങ്, മൊബൈൽ ആപ്പ് നിർമ്മാണം, നിർമ്മിതബുദ്ധി, റോബോട്ടിക്സ്, ഇലക് ട്രോണിക്സ്, മലയാളം കമ്പ്യൂട്ടിങും ,ഡെസ്ക്ടോപ് പബ്ലിഷിങ്ങും,

ഡോക്യുമെന്റേഷൻ,....എന്നിങ്ങനെ..എന്നിങ്ങനെ വിവിധ മേഖലകളാണ് യൂണിറ്റ്തല പരിശീലനത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. കൂടാതെ, മികവ് പുലർത്തുന്നവർക്ക് സബ്ജില്ല-ജില്ല-സംസ്ഥാനതല ക്യാമ്പുകളുമുണ്ട് . ലിറ്റിൽകൈറ്റ്സ് പ്രവർത്തനപദ്ധതിയിലൂടെ നാം ആർജിച്ചെടുക്കുന്ന അറിവുകൾ സമൂഹത്തിന്റെയും ഗുണത്തിനും ഉന്നമനത്തിനും വേണ്ടി വിനിയോഗിക്കേണ്ടതുണ്ട്. ഇതിനായി നിങ്ങൾ പരിശീലിക്കുന്ന പ്രവർത്തനങ്ങൾ സ്കൂളിലെ മറ്റ് കുട്ടികൾക്കും പരിശീലിക്കാനുള്ള പദ്ധതികൾ നടപ്പാക്കേണ്ടതാണ്. കൂടാതെ രക്ഷിതാക്കൾക്കും സമൂഹത്തിനും ഉപകാരപ്രദമാവുന്ന വൈവിധ്യമാർന്ന ഐ.സി.ടി. പ്രവർത്തനങ്ങൾ
പ്രാവർത്തികമാക്കുന്നതിനുമുള്ള ശ്രമങ്ങൾ ഉണ്ടാവണം.

# ലിറ്റിൽ കൈറ്റ്സ് പ്രീലിമിനറി ക്യാമ്പ് -14/07/2023

ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് 2023 26 ബാച്ചിന്റെ പ്രിലിമിനറി ക്യാമ്പ് 14 /7 /2023

വെള്ളിയാഴ്ച നടന്നു . കൃത്യം 9 30ന് ആരംഭിച്ച ക്യാമ്പിന്റെ ഉദ്ഘാടനം ബഹുമാനപ്പെട്ട

ഹെഡ്മിസ്ട്രസ് ശ്രീമതി ബെറ്റി ജോർജ് നിർവഹിച്ചു ജിഎച്ച്എസ്എസ് പരപ്പ സ്കൂളിലെ ശ്രീ രാജേഷ് മാസ്റ്ററുടെ നേതൃത്വത്തിൽ കുട്ടികൾ വിവര സാങ്കേതികവിദ്യയുടെ നൂതന സാധ്യതകളിലൂടെ സഞ്ചരിച്ചു . ലിറ്റിൽ കൈറ്റ്സ് സാധ്യതകൾ യൂണിറ്റ് അംഗങ്ങളുടെ സ്കൂളിലെ ഉത്തരവാദിത്തം, അനിമേഷൻ, പ്രോഗ്രാമിംഗ്, റോബോട്ടിക്സ് എന്നീ മേഖലകൾക്ക് പ്രാധാന്യം നൽകിയിട്ടുള്ള ക്യാമ്പ് കുട്ടികൾക്ക് വളരെ ആസ്വാദ്യകരമായിരുന്നു മാസ്റ്റർ മിസ്ട്രസ്മാരായ ആഷ ടീച്ചർ , ഷീബ ടീച്ചർ എന്നിവർ കുട്ടികൾക്കൊപ്പം ക്യാമ്പ് അവസാനം വരെ ഉണ്ടായിരുന്നു 4.30ന് ക്യാമ്പ് അവസാനിപ്പിച്ചു ശേഷം കുട്ടികളുടെ അഭിപ്രായപ്രകടനങ്ങൾ ആയിരുന്നു. കുട്ടികളുടെ അവലോകനത്തിൽ നിന്നും ക്യാമ്പ് വളരെ വിജയകരമായിരുന്നു എന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. കൈറ്റ് മാസ്റ്റർ ശ്രീമതി ആഷ ടീച്ചർ നന്ദി പ്രകാശിപ്പിച്ചതോടുകൂടി ക്യാമ്പ് ഔദ്യോഗികമായി അവസാനിച്ചു.




## ഗ്രൂപ്പിംഗ്.... പുതിയ തന്ത്രം



## ANIMATION - പുതിയ സാധ്യതകൾ

# PROGRAMING - ബാലപാഠങ്ങൾ




# ROBOTICS

## റോബോട്ടുകളെ അടുത്തറിയാം







# പരിശീലനത്തിനിടയിൽ







REDMI NOTE 8 PRO
AI QUAD CAMERA

# ക്യാമ്പ് അവലോകനം


REDMI NOTE 8 PRO
AI QUAD CAMERA


REDMI NOTE 8 PRO
AI QUAD CAMERA


REDMI NOTE 8 PRO
AI QUAD CAMERA


# FREEDOM FEST --- 2023



ഫ്രീഡം ഫെസ്റ്റുമായി ബന്ധപ്പെട്ട് LITTLE KITES ന്റെ നേതൃത്വത്തിൽ വിവിധങ്ങളായ പ്രവർത്തനങ്ങൾ ചെയ്തു.

IT കോർണർ ഒരുക്കുകയും,ഹാർഡ്വെയർ റോബോട്ടിക് പ്രദർശനം സംഘടിപ്പിക്കുകയും ചെയ്തു.

ഡിജിറ്റൽ പോസ്റ്റർ മത്സരം നടത്തി. നല്ല പോസ്റ്ററുകൾ സ്കൂൾ വിക്കിയിൽ ചേർത്തു.



സ്പെഷ്യൽ അസംബ്ലി നടത്തി .... അസംബ്ലിയിൽ ഇതുമായി ബന്ധപ്പെട്ട മെസേജ് 8A ക്ലാസിലെ നിവേദ്യ.പി വായിച്ചു.







**മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ .... കുട്ടികൾക്കും അധ്യാപകർക്കും SCHOOL WIKI പരിശീലന ക്ലാസ്സ് എന്നിവയും സംഘടിപ്പിച്ചു.**







LITTLE KITES കുട്ടികൾ സ്കൂളിൽ നടക്കുന്ന പ്രവർത്തനങ്ങളുടെ PHOTO,VIDEO എന്നിവ എടുക്കുന്നതിൽ സഹായിച്ചു കൊണ്ടിരിക്കുന്നു.








IT ഉപകരണങ്ങളുടെ പരിപാലനത്തിൽ LK കുട്ടികളുടെ സഹായങ്ങൾ വലുതാണ്

ആർഡിനോ UNO (ROBOTIC) നെ ക്കുറിച്ചുള്ള TRAINING കുട്ടികൾക്ക് ലഭിച്ചു

LITTLE KITES പദ്ധതിയിലൂടെ വളരെ ചെറിയ പ്രായത്തിൽ തന്നെ വിവര വിനിമയ സാങ്കേതികവിദ്യയുടെ അറിവുകൾ ആർജ്ജിക്കുന്നതിനും നൂതന ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിനും സാധിക്കുന്നു എന്നതാണ് ഈ പ്രധാന നേട്ടം.






# They are teachers, aren't they?



Archana k v

[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]

[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]

[illegible]
[illegible]
[illegible]
[illegible]

# സജീവമായ ഇന്നലെകൾ

## ഗണിതശാസ്ത്ര ക്ലബ്ബ്

സംഖ്യകളിലൂടെ ലോകത്തെ വിശകലനം ചെയ്യുകയും വ്യാഖ്യാനിക്കുകയും ചെയ്യുക എന്ന ഗണിതത്തിന്റെ അടിസ്ഥാന സ്വഭാവവും, വസ്തുത കളെ സൂക്ഷ്മമായി മനസ്സിലാക്കാനും മനസ്സിലായ കാര്യങ്ങൾ വ്യക്തമായി ആവിഷ്കരിക്കുവാനുമുള്ള കഴിവ് ഗണിതപഠനത്തിലൂടെ സാധ്യമാവുക എന്ന ലക്ഷ്യവും നേടിയെടുക്കുന്നതിനുവേണ്ടി ഗണിത ശാസ്ത്ര ക്ലബ്ബിൻ്റെയും, ഗണിത വിഷയ സമിതിയു ടെയും ആഭിമുഖ്യത്തിൽ കമ്പല്ലൂർ ഗവ. ഹയർസെ ക്കൻഡറി സ്കൂളിൽ നിരന്തര പ്രവർത്തനങ്ങൾ നട ന്നുവരികയാണ്. പ്രൊജക്ടുകൾ, സെമിനാറുകൾ, സംഖ്യാപാറ്റേൺ രചന, ജ്യോമട്രിക്കൽ പാറ്റേൺ രച ന, ക്വിസ് മത്സരം, സ്റ്റിൽ മോഡൽ, വർക്കിങ്ങ് മോഡൽ നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുകയും കുട്ടികൾക്ക് പരിശീലനം നൽകുകയും ചെയ്തു. സബ്ജില്ലാതല മത്സരങ്ങളിൽ പങ്കെടുത്ത കുട്ടികൾക്ക് മികച്ച ഗ്രേഡുകൾ കരസ്ഥമാക്കുന്നതിന് കഴിഞ്ഞു.



## സയൻസ് ക്ലബ്ബ്

ഈ അദ്ധ്യയന വർഷം സയൻസ് ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടന്നു. സബ്ജില്ലാ-ജില്ലാതല മത്സരങ്ങളിൽ കുട്ടികളുടെ മികച്ച പങ്കാളിത്തം ഉറപ്പുവരുത്തിയിട്ടുണ്ട്. യു.പി. വിഭാഗം വർക്കിംഗ് മോഡൽ മത്സരത്തിൽ സബ്ജില്ലാതല ത്തിൽ ഒന്നാംസ്ഥാനം നേടുകയും ജില്ലാതല മത്സ രത്തിൽ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്. എച്ച്.എ സ്. വിഭാഗത്തിൽ ശാസ്ത്ര നാടക മത്സരത്തിൽ നമ്മുടെ കുട്ടികൾ സബ്ജില്ലാതലത്തിൽ 2-ാം സ്ഥാനം നേടുകയുണ്ടായി. കൂടാതെ HS വിഭാഗത്തിൽ സ്റ്റിൽ മോഡൽ, വർക്കിംഗ് മോഡൽ, എന്നീ ഇനങ്ങൾക്ക് second prize, ലഭിച്ചു.ശാസ്ത്ര പ്രദർശന ങ്ങൾ ഫീൽഡ് ട്രിപ്പുകൾ എന്നിവ സംഘടിപ്പിച്ചിരുന്നു.



# ഹിന്ദി ക്ലബ്ബ്



കമ്പല്ലൂർ ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിലെ 2023-24 വർഷത്തെ ഹിന്ദി ക്ലബ്ബിൻറെ ആഭിമുഖ്യത്തിൽ ഹൈസ്കൂൾ,യു.പി വിഭാഗം പ്രേംചന്ദ് ക്വിസ്, പോസ്റ്റർ രചന(ഹിന്ദി ദിവസം)എന്നിവ നടത്തപ്പെട്ടു ഈ പരിപാടി വിദ്യാർത്ഥികളിൽ രാഷ്ട്രഭാഷയോടുള്ള ആദരവും വർധിപ്പിക്കുന്നതിനും വർധിപ്പിക്കുന്നതിനും പ്രചോദനമായി.

# ഇംഗ്ലീഷ് ക്ലബ്ബ്




സ്കൂൾ വർഷത്തിന്റെ തുടക്കത്തിൽ തന്നെ 5 മുതൽ ഓരോ ക്ലാസിൽ നിന്നും അഭിരുചിയുള്ള കുട്ടികളെ തിരഞ്ഞെടുക്കൽ ഇംഗ്ലീഷ് ക്ലബ്ബിന് രൂപം നൽകുകയുണ്ടായി. വർഷം മുഴുവനും ക്ലബ്ബിൻറെ പ്രവർത്തനം നല്ല നിലയിൽ നടന്നുപോകുന്നു കുട്ടികളുടെ ഇംഗ്ലീഷ് ഭാഷാപ്രാവിണ്യം വർധിപ്പിക്കുന്നതിനായി പല പ്രവർത്തനങ്ങളും നടത്തിയിട്ടുണ്ട്. ഇംഗ്ലീഷ് പ്രധാനപ്പെട്ട ഒന്നാണ് തിരഞ്ഞെടുക്കപ്പെട്ട വിഷയങ്ങളിൽ പ്രസംഗപരിശീലനം നേടുന്നതിനും ഒപ്പം ഭാഷാ പ്രാവിണ്യം വർധിപ്പിക്കുന്നതിനും ഇതോരു സഹായകമാണ് വായനാ മത്സരം റെസിറ്റേഷൻ രചന മത്സരങ്ങൾ തുടങ്ങിയവയെല്ലാം ക്ലബ്ബ് പ്രവർത്തനങ്ങളെ ഏറ്റെടുത്തിട്ടുണ്ട്





ദേവരാഗ്.കെ.പി

# ഗുരു

നന്മയുടെ നീരുറവ
ആ മൃദു ചിത്തത്തിലായിരുന്നു.
ആ ജടനരകളിൽ
ദൈവചൈതന്യമുണ്ടായിരുന്നു.
ആ കണ്ണുകളിൽ കണ്ടത്
കരുണയുടെ കടലായിരുന്നു.
വേദനകളെല്ലാം വേദമാണെന്നറിയി-
ക്കുന്നൊരു പുഞ്ചിരി ആ മുഖത്തുണ്ട്.
ഇരുൾ വീണൊരെൻഹൃദയം
ഇരുട്ടത്ത് വഴിതെറ്റിപ്പോയിരുന്നു.
അറിവിന്റെ നിറദീപം തെളിയിച്ച്
എനിക്ക് നേർവഴി നൽകിയ ഗുരു.
കളിചിരികളിലൂടെയും കഥകളിലൂടെയും
അറിവു പകർന്നുതന്ന ഗുരു
മനോവ്യഥകൾ മയിൽപ്പീലിയാക്കും ഗുരു.
സ്തുതിച്ചിടുന്നു ഞാൻ വന്ദിച്ചീടുന്നു.

# അവൾ



ആര്യലക്ഷ്മി പി.ആർ



അവൾ, അവളാര്
വിധിയുടെ
കനൽച്ചൂളയിൽ

വെന്തുരുകി,വശംകെട്ട്

വിധിയെപ്പഴിക്കുന്നുവേ
ാ?

അതോ ചുട്ടുകനലുകൾ
തട്ടി മാറ്റി

ചിറകടിച്ചാവീഥിയിലേ
ക്കു
പറന്നുയരുന്നുവോ?

പറക്കാൻ തുടങ്ങും
മുമ്പേ കഴുകന്മാർ

വലിച്ചുകീറിയവൾതൻ
സ്വപ്നങ്ങളെ

അവളുടെ കണ്ണുനീർ
തീജ്വാലയായ്

മണ്ണിൽ ചെയ്തിറങ്ങി

# എനിക്ക് ഇഷ്ടപ്പെട്ട പക്ഷികൾ

എനിക്ക്  ഇഷ്ടപ്പെട്ട  ഏതാനും ചില പക്ഷികളെയാണ് ഞാനിവിടെ പരാമർശിക്കാൻ പോകുന്നത്. നിങ്ങൾക്കറിയാവുന്ന നാട്ടറിവുകളും പേരുകളും പറയുക, നമുക്ക് സമാഹരിക്കാം. കുറെ പക്ഷിസ്നേഹികളെ നമ്മുടെ നാടിന് ആവശ്യമാണ്. ഓലേഞ്ഞാലിയും മരംകൊത്തിയും ഉപ്പനും എല്ലാം ഇന്നു നമുക്ക് അന്യമായിക്കൊണ്ടിരിക്കുകയാണ്. അതിനും പുറമെ ഇതാ ഈയിടെ പക്ഷിപ്പനി എന്ന വാർത്തകളും വന്നതോടെ കാണുന്ന പക്ഷികളെയെല്ലാമങ്ങ് ഒരു വകതിരിവുമില്ലാതെ, ദാക്ഷിണ്യമില്ലാതെ കൊന്നൊടുക്കാൻ തുടങ്ങിയിരിക്കുന്നു..

ഓലേഞ്ഞാലി / ഓലഞ്ഞാലി



എന്റെ ഒരു പ്രിയപ്പെട്ട പക്ഷിയിൽ തന്നെ തുടങ്ങാം--. ഓലേൽ ഞാന്നുകിടന്ന് കസർത്ത് കാണിച്ച് കീടങ്ങളേയും മറ്റും തിന്നുന്നതു കൊണ്ടാണ് ഇതിന് ഓലേഞ്ഞാലി എന്ന പേര് വന്നത്. കാക്കയുടെ കുടുംബം (ഫാമിലി) ആണ് (പക്ഷെ കാക്കയല്ല). മിശ്രഭുക്ക്. പുഴുക്കളും പഴങ്ങളും ഒക്കെ പ്രധാനാഹാരം. മുട്ടകൾ മോഷ്ട്ടിക്കുക, പല്ലി മുതലായവ അകത്താക്കുക തുടങ്ങിയ വിനോദങ്ങളുമുണ്ട്. നാട്ടിൻപുറങ്ങളിൽ ഇവൻ സാധാരണമാണ്. ഇവൻ ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ അങ്ങുമിങ്ങുമായി കാണപ്പെടുന്നു. കുറെ ചുള്ളിക്കമ്പുകൾ കൂട്ടിയ പക്ഷിക്കൂട്ടിൽ ൩-൫ (മൂന്ന്-അഞ്ച് ) മുട്ടകൾ കാണാം.



മൈന / മാടത്ത | Indian Mynah | Acridotheres tristis |
സദാ കലപില കൂട്ടുന്ന, ചാടിച്ചാടി നടക്കുന്ന, ഈ വർഗത്തെ നല്ലപോലെ

അറിയാമായിരിക്കുമല്ലോ. മിശ്രഭുക്കാണ് മൈന. തെക്കുകിഴക്കൻ ഏഷ്യയിലെങ്ങും ഇവൻ സാധാരണമാണ്. മരപ്പൊത്തുകളിൽ ഇത് ചുള്ളിക്കമ്പും മറ്റ് ചവറുകളും കൊണ്ട് കൂടുണ്ടാക്കുന്നു. ൪ (നാല്) മുതൽ ൬ (ആറ്) വരെ മുട്ടകൾ ഉണ്ടാകാം. മുട്ടയുടെ തോടിനൊരു നീലഛായയുണ്ടെന്നാണ് എന്റെയോർമ്മ.

ചിന്ന കുട്ടുറുവൻ / പച്ചിലക്കുടുക്ക | White cheeked Barbet | Megalaima viridis |

നാട്ടിൻപുറങ്ങളിൽ സാധാരണവും എന്നാൽ മനുഷ്യരുടെ നിഴൽ കണ്ടാൽ ശീഘ്രം സ്ഥലം വിടുന്നതുമായ ഒരിനം. കാതു കൂർപ്പിച്ചു നോക്കൂ, കുട്ടുറു-കുട്ടുറു എന്ന സ്വരം കേക്കുന്നുണ്ടോ? ഉണ്ടെങ്കിൽ അത് നമ്മുടെ കുട്ടുറുവനാണ്. നല്ല പച്ചനിറമുള്ളതുകൊണ്ട് പച്ചിലക്കുടുക്ക എന്ന പേരുമുണ്ട്. നിങ്ങളുടെ പറമ്പിൽ പേര, കപ്പളം തുടങ്ങിയവ ഉണ്ടെങ്കിൽ ഇവൻ ഒരു നിത്യ സന്ദർശകനായിരിക്കും. ഇവ മരം വിട്ട് നിലത്തിറങ്ങാറില്ല, നിലത്തിറങ്ങാനും നടക്കാനും പറ്റിയതല്ല ഇവയുടെ കാൽവിരലുകളുടെ ഘടന. പഴയതും ദ്രവിച്ചതുമായ മരങ്ങളിൽ പൊത്തു തുരന്നാണ് ഇവ കൂടുണ്ടാക്കുക. തുരന്നെടുത്ത ചീളുകൾ പറന്നു ദൂരെ കൊണ്ടുപോയി കളയും, ആരുടെയും ശ്രദ്ധ ആകർഷിക്കാതിരിക്കാൻ. ഉണ്ടാക്കുന്ന പൊത്തിനുമുണ്ട് പ്രത്യേകത (ഒരു പൊത്ത് കണ്ടു പടിച്ചപ്പോൾ മനസ്സിലായത് ). പൊത്തിനകത്ത് അടിവശം കോണാകൃതിയിലാണ്, പക്ഷിക്കുഞ്ഞുങ്ങളുടെ വിസർജ്ജ്യം അകത്തു തന്നെ അവയെ മലിനമാക്കാതെ കിടക്കുന്നു. തള്ളപ്പക്ഷിയും തന്തപ്പക്ഷിയും മുട്ടകളെയും കുഞ്ഞുങ്ങളെയും നോക്കുന്നതിൽ തുല്യ പങ്കാളിത്തം വഹിക്കുന്നു. ഒരു പൊത്തിൽ കുഞ്ഞുങ്ങൾ ൩-൪ (മൂന്നാല് ) എണ്ണം കാണും.

മരംകൊത്തി | Black-rumped Flameback | Dinopium benghalense |

ഇതിന്റെ പൂർണനാമം (മലയാളത്തിലുള്ളത് ) ഞാൻ മറന്നുപോയി. നമ്മുടെ നാട്ടിൽ സാധാരണമാണ്. ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ അങ്ങുമിങ്ങുമായി കാണപ്പെടുന്നു. മുതുകിലെ സ്വർണ്ണനിറം ഇവയെ മനോഹരമാക്കുന്നു. വളർന്ന ആൺപക്ഷിക്ക് ഈ ചിത്രത്തിൽ കാണുന്നതുപോലെ തലയിൽ ചുവന്ന കിരീടമുണ്ടായിരിക്കും. പെൺപക്ഷിക്ക് കിരീടത്തിന്റെ മുൻവശം ഇരുണ്ടതും പിൻവശം ചുവന്നതുമാണ്. നീണ്ട നാക്ക് ചെറിയ സുഷിരങ്ങളിലേയ്ക്കിട്ട് പ്രാണികളെ പിടിക്കാൻ മിടുക്കരാണ്. മരപ്പൊത്തുകളിൽ ൩-൪ (മൂന്നാല് ) മുട്ടയിടുന്നു.

## കാക്ക മീൻകൊത്തി, വലിയ മീൻകൊത്തി



പ്രാവിനോളം വലിപ്പമുള്ള മീൻകൊത്തിയാണ് 'കാക്കമീൻകൊത്തി. ഇംഗ്ലീഷ്: Stork billed Kingfisher ശാസ്ത്രീയനാമം: Pelagopsis capensis. കേരളത്തിലെ മീൻകൊത്തികളിൽ ഏറ്റവും വലിപ്പമുള്ളത് ഇതിനാണ്. ജലാശയങ്ങൾക്ക് അരികിലെ മരങ്ങളിലിരുന്ന് നിരീക്ഷിച്ച് വെള്ളത്തിലേക്ക് ചെരിഞ്ഞ്

പറന്നാണ് ഇര പിടിക്കുന്നത്.  15 ഇഞ്ച് (38 സെ.മീ.) വലിപ്പമുള്ള ഇതിന്റെ വലിപ്പം മൂലമാണ് കാക്കമീൻ കൊത്തി എന്ന പേർ വന്നത്.

ഇന്ത്യ, സിംഗപ്പൂർ, മലേഷ്യ എന്നിവിടങ്ങളിൽ കാണപ്പെടുന്നു. ദക്ഷിണ പൂർവ്വേഷ്യ മുതൽ സുലാവേസി വരെ ഇതിന്റെ ആവാസ കേന്ദ്രങ്ങൾ ആണ്. ഇന്ത്യയിലാണ് ഇത് കൂടുതലും കാണപ്പെടുന്നത്. സാധാരണയായി മനുഷ്യരുടെ ദൃഷ്ടിയിൽപ്പെടാതെ മറഞ്ഞിരിക്കുന്നതിനാൽ കാട്ടുപക്ഷിയാണ് ഇത് എന്ന് പൊതുവെ ധാരണയുണ്ടെങ്കിലും നാട്ടിൻ പ്രദേശങ്ങളിൽ കാണപ്പെടുന്ന പക്ഷിയാണിത്. നാണം കുണുങ്ങിയും മറ്റു മീൻകൊത്തികളെ അപേക്ഷിച്ച് ഒച്ചവെക്കുന്നത് കുറവുമായതിനാൽ ഈ പക്ഷിയെ കണ്ടെത്തുക ബുദ്ധിമുട്ടായതിനാലായിരിക്കണം ഈ ധാരണ പരന്നത്. എന്നാൽകേരളത്തിലേയും മറ്റുമുള്ള വലിയ ജലാശയങ്ങൾക്കരികിലും പാടങ്ങളിലും ഈ പക്ഷിയെ ധാരാളം കാണാൻ സാധിക്കും.








LITTLE KITE BATCH 2022-25




LITTLE KITES BATCH 2023-26

Little Kites നായി ഒരു ഡിജിറ്റൽ മാഗസിൻ എന്ന
ഞങ്ങളുടെ എളിയ ഉദ്യമത്തിന് താങ്ങായി നിന്നവർ
നിരവധി ..ആശംസകൾ നേർന്ന അനുഗ്രഹിച്ചവർ,
സൃഷ്ടികൾ തന്നു സഹായിച്ചവർ , അധ്യാപകർ ,
കൂട്ടുകാർ കവിതകൾ ,ചിത്രങ്ങൾ ,ലേഖനങ്ങൾ
നൽകിയവർ ,ലേ ഔട്ട് നിർദ്ദേശിച്ചവർ, ടൈപ്പ്
ചെയ്ത്സഹായിച്ച ലിറ്റിൽ കൈറ്റ്സ് കൂട്ടുകാർ
എല്ലാവരോടും  വാക്കുകളിൽ ഒതുങ്ങാത്ത

# നന്ദി .......